# പ്രമേയം

2002 മാർച്ച് 20 ന് പരുമലയിൽ വച്ച് കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ അംഗീകരിക്കുന്നതുവരെ 1971 ജനുവരി 1 -ാം തീയതിക്കു ശേഷം നടന്ന എല്ലാ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ നടപടി കളും അസാധുവാണെന്ന് 1995 ജൂൺ 20 -ാം തീയതിയിലെ സുപ്രീം കോടതി വിധിന്യായത്തിൽ പ്രസ്ഥാവിച്ചുവെന്ന് കോടതിയെ ചില തൽപ്പര കക്ഷികൾ തെറ്റായി ധരിപ്പിച്ചു എന്നറിയുന്നതിന്റെ പശ്ചാത്തലത്തിൽ (21/09/2006) പരുമല സെമിനാരിയിൽ വച്ച് കൂടുന്ന ഈ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസി യേഷൻ 1971 ജനുവരി 1 -ാം തീയതി മുതൽ 2002 മാർച്ച് 20 -ാം തീയതി വരെ നടന്ന മലങ്കര അസോസിയേഷനുകളുടേയും പ്രത്യേകിച്ച് 1992 സെപ്റ്റംബർ 10 -ാം തീയതി പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായു ടെയും പിൻഗാമിയായി മലബാർ ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ തോമസ് മാർ തീമോത്തിയോസിനെ തെരഞ്ഞെടുത്തതും തുടർന്ന് നിയമാനുസൃതമായി മലങ്കര മെത്രാപ്പോലീത്തായായും പൗരസ്ത്യ കാതോലിക്കായായും അദ്ദേഹം അവരോധിക്കപ്പെട്ടതും മലങ്കര മെത്രാപ്പോലീത്താ, പൗരസ്ത്യ കാതോലിക്കാ എന്നീ നിലകളിൽ നടത്തിയിട്ടുള്ള എല്ലാ നടപടികളും തീരുമാനങ്ങളും, പിന്നീട് നടന്നിട്ടുള്ള എല്ലാ മലങ്കര അസോസിയേഷന്റെയും വർക്കിംഗ് കമ്മറ്റികളുടെയും മാനേജിംഗ് കമ്മറ്റികളുടെയും പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസുകളു ടെയും തീരുമാനങ്ങളും നിശ്ചയങ്ങളും സ്ഥിരപ്പെടുത്തുകയും ഉറപ്പിക്കുകയും അംഗീകരിക്കുകയും ചെയ്തുകൊള്ളുന്നു.

**2006 സെപ്റ്റംബർ 21 -ാം തീയതി പരുമല സെമിനാരി അങ്കണത്തിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിൽ പൗരസ്ത്യ കാതോലിക്കായും, മലങ്കര മെത്രാപ്പോലീത്തായും, മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പ്രസിഡണ്ടുമായ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനി ചെയ്ത പ്രസംഗം**

അഭിവന്ദ്യരായ നമ്മുടെ സഹോദര മെത്രാപ്പോലീത്തമാരും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ഉപാദ്ധ്യക്ഷന്മാരുമായ പിതാക്കന്മാരെ, വൈദീക ട്രസ്റ്റി ഡോ. ഒ. തോമസ് കത്തനാർ, അൽമായ ട്രസ്റ്റി ശ്രീ പി. സി. എബ്രഹാം പടിഞ്ഞാറെക്കര, അസോസിയേഷൻ സെക്രട്ടറി ഡോ. അലക്സാണ്ടർ കാരയ്ക്കൽ, വന്ദ്യ കോർ എപ്പിസ്കോപ്പാമാരെ, റമ്പാച്ചന്മാരെ, സ്നേഹമുള്ള വൈദീകരെ, മലങ്കര സഭയുടെ അഭിമാനവും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ അംഗങ്ങളായ നമ്മുടെ വാൽസല്യ മക്കളെ!

ലോകത്തെ ഏറ്റവും വലിയ ജനപ്രതിനിധി സഭയും, മലങ്കര ഓർത്ത ഡോക്സ് സഭയുടെ പാർലമെന്റുമായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തെ അഭിസംബോധന ചെയ്യുവാൻ ബല ഹീനനായ നമ്മെ യോഗ്യനാക്കിയ സർവ്വശക്തനായ ദൈവത്തെ നാം മഹത്വപ്പെടുത്തുന്നു. ധീരോധാത്തരും പരിശുദ്ധരുമായ നമ്മുടെ മുൻഗാമികളായ മലങ്കര മെത്രാപ്പോലീത്തന്മാർ അദ്ധ്യക്ഷപദം അലങ്ക രിച്ചിട്ടുള്ളതും, ചരിത്രപ്രസിദ്ധങ്ങളായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗങ്ങളുടെ പൈതൃകം ഉള്ളതും, ഭാരതത്തിന്റെ പരമോന്നത നീതിപീഠമായ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ അംഗീകാരമുള്ളതുമായ ഈ മഹായോഗം പരിശുദ്ധ മലങ്കര ഓർത്ത ഡോക്സ് സഭയുടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമാണ്. ആ സ്വാത ന്ത്ര്യത്തെ നിഷേധിക്കുവാനോ അതിന്റെ പ്രതീകമായ മലങ്കര സുറി യാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തെ ദുർബലപ്പെടുത്തു വാനോ ഒരു ശക്തിയെയും മലങ്കരസഭാ മക്കൾ അനുവദിക്കുകയില്ല എന്നതിന്റെ മഹത്തായ സാക്ഷ്യമാണ് നിയമാനുസരണം വിളിച്ചു ചേർക്കപ്പെട്ട ഈ സമ്മേളനം.

ബലഹീനനായ നമ്മുടെ സ്ഥാനം സംബന്ധിച്ച് താൽക്കാലികമായി ഉയർന്നുവന്ന സംശയങ്ങളും തർക്കങ്ങളും ഈ മഹാ സമ്മേളനത്തിന്റെ നടത്തിപ്പിന് ആശങ്കകൾ ഉയർത്തിയിരുന്നുവെങ്കിലും സർവ്വശക്തനായ ദൈവം തന്റെ ഏകപുത്രന്റെ മന്ദിരവും മണവാട്ടിയും ശരീരവുമായ സഭയുടെ കണ്ണുനീരിനെ മാനിച്ച് സകല പ്രതിസന്ധികളെയും അടിച്ചു തകർത്തിരിക്കുകയാണ്. രാജ്യത്തിന്റെ നീതിന്യായ വ്യവസ്ഥിതിക ളെയും നീതിപീഠങ്ങളെയും ബഹുമാനിക്കുന്ന സഭാ മക്കൾ അൽപകാ ലത്തേക്ക് മനഃക്ലേശത്തിലായിപ്പോയെങ്കിലും നമ്മുടെ ഗുരുവും മുൻഗാ മിയും പരിശുദ്ധനുമായ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ സഭാമക്കളെ ഉൽബോധിപ്പിച്ചപ്രകാരം "ക്രൂശിക്കപ്പെട്ട സത്യം മൂന്നാം ദിവസം ഉയർത്തെഴുന്നേൽക്കും" എന്ന് ഒരിക്കൽകൂടി തെളിയി ക്കപ്പെട്ടിരിക്കുകയാണ്. വാൽസല്യ മക്കളെ, സഭയെ കണ്ണിലെ കൃഷ്ണ മണിപോലെ കാത്തുസൂക്ഷിക്കണം. സഭയുടെ അഖണ്ഡതക്കും സ്വാതന്ത്ര്യത്തിനും സ്വയംശീർഷകത്തിനും എതിരായ ഒന്നും ഒരു നാളും പ്രവർത്തിക്കരുത്.

പരിശുദ്ധ സഭയുടെ ചരിത്രത്തിലെ നിർണ്ണായകമായ ഒരു കാലഘട്ട ത്തിലാണ് ഈ പാർലമെന്റ് സമ്മേളിച്ചിരിക്കുന്നത്. പ്രധാനമായ പല

തീരുമാനങ്ങളും നമുക്ക് കൈക്കൊള്ളേണ്ടതുണ്ട്. വ്യക്തി താൽപര്യങ്ങളെ മാറ്റിവച്ച് സഭയുടെ പൊതുവായ നന്മയെ ലക്ഷ്യമിട്ടുകൊണ്ടു വേണം ഒരോ തീരുമാനവും കൈക്കൊള്ളേണ്ടത്. ബഹുദൂരം നമുക്ക് പിന്നടുവാനുണ്ട്. തളരാതെ, തകരാതെ ക്രൂശിനെ നോക്കി നമുക്ക് യാത്ര തുടരാം. ഇന്നത്തെ എല്ലാ യോഗനടപടികളിലും, കൈക്കൊള്ളുന്ന തീരുമാനങ്ങളിലും നിങ്ങൾ ഏവരുടേയും പൂർണ്ണ പിന്തുണയും സഹകരണവും നാം അഭ്യർത്ഥിക്കുകയാണ്. മലങ്കരയുടെ മക്കൾ അച്ചടക്കമുള്ളവരും ദൈവഭയമുള്ളവരുമാണെന്ന് ലോകം അറിയണം.

ബലഹീനനായ നമ്മോടും, നമ്മുടെ സഹോദര മെത്രാപ്പോലീത്തന്മാരോടും നിങ്ങൾ പ്രകടിപ്പിക്കുന്ന സ്നേഹത്തിനും ബഹുമാനത്തിനും പ്രാർത്ഥനാനിർഭരമായ നന്ദിയും കൃതജ്ഞതയും നാം അർപ്പിക്കുന്നു. നിങ്ങളുടെ ത്യാഗത്തെയും ബന്ധപ്പാടുകളെയും ദൈവം മാനിക്കട്ടെ. പരിശുദ്ധ സഭയെയും നാം ഒരോരുത്തരെയും സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെ.



ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.